# കേരള കാർഷിക സർവ്വകലാശാല
## കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം
## സദാനന്ദപുരം പി. ഒ, കൊട്ടാരക്കര
## <u>ടെൻഡർ നോട്ടീസ്</u>

നമ്പർ എഫ്.എസ്.(4) 479/2021 — തീയതി : 27/04/2022

കേരള കാർഷിക സർവ്വകലാശാലയുടെ സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിലേക്ക് ഈ സാമ്പത്തിക വർഷത്തിൽ ഗ്രാഫ്റ്റ്/ബഡ് തൈകൾ ഉത്പാദിപ്പിച്ചു തരുവാൻ താല്പര്യമുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മത്സര സ്വഭാവമുള്ള മുദ്രവെച്ച ടെൻഡറുകൾ ക്ഷണിക്കുന്നു.

ടെൻഡറിൽ കുറഞ്ഞത് **25000 എണ്ണം ബഡ് പ്ലാവിൻ തൈകളും, 15000 എണ്ണം ഗ്രാഫ്റ്റ് മാവിൻ തൈകളും, 5000 എണ്ണം സപ്പോട്ടാ ഗ്രാഫ്റ്റ് തൈകളും, 2500 എണ്ണം കശുമാവിൻ ഗ്രാഫ്റ്റ് തൈകളും** ഉത്പാദിപ്പിച്ചു നൽകുന്നതിനായി ഓരോ ഇനത്തിലും വില്പനയോഗ്യമായ തൈയൊന്നിന് ഇത്ര രൂപയെന്ന നിരക്ക് പ്രത്യേകം രേഖപ്പെടുത്തി മുദ്രവെച്ച കവറിൽ "ഗ്രാഫ്റ്റ്/ബഡ് തൈകൾ ഉത്പാദിപ്പിച്ചു നൽകുവാനുള്ള ദർഘാസ്" എന്ന് രേഖപ്പെടുത്തി പ്രൊഫസർ ആന്റ് ഹെഡ്, കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം, സദാനന്ദപുരം പി.ഒ, കൊട്ടാരക്കര -691531 എന്ന വിലാസത്തിൽ **13/05/2022 തീയതി പകൽ 2.00 ന്** മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അന്നേ ദിവസം പകൽ **2.30** മണിക്ക് ടെൻഡറുകൾ തദവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ടെൻഡർ നൽകിയവർ അന്നേ ദിവസം അവരുടെ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതാണ്, അല്ലാത്ത പക്ഷം പിന്നീട് ഉന്നയിക്കുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല. ടി ദിവസം എന്തെങ്കിലും കാരണത്താൽ അവധിയായാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം തുറക്കുന്നതാണ്. ടെൻഡറിനൊപ്പം താഴെ പറയുന്ന ആധികാരിക രേഖകൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

<u>ജോലിയുടെ സ്വഭാവം</u>

1. ഗ്രാഫ്റ്റ്/ബഡ് ചെയ്യുന്നതിനാവശ്യമായ റൂട്ട് സ്റ്റോക്കുകൾ കരാറുകാരൻ വിതരണം ചെയ്യേണ്ടതാണ്.
2. റൂട്ട് സ്റ്റോക്കുകൾ ബഡ് ചെയ്യാൻ പാകത്തിലുള്ളതും കുറഞ്ഞ 5"x7" വലിപ്പത്തിലുള്ള കവറിലുള്ളതും ആയിരിക്കണം.
3. ഗ്രാഫ്റ്റ്/ബഡ് ചെയ്യുന്നതിനാവശ്യമായ സയോൺ സ്റ്റേഷനിൽ നിന്നു ശേഖരിക്കേണ്ടതും, ഗ്രാഫ്റ്റിംഗ്/ബഡിംഗ് സ്റ്റേഷനിൽ വെച്ച് തന്നെ ചെയ്യേണ്ടതുമാണ്.
4. വിജയകരമായി ഗ്രാഫ്റ്റ്/ബഡ് ചെയ്ത തൈകൾ 3-4 ഇല സ്റ്റേജിൽ വില്പനയ്ക്ക് യോഗ്യമാകുന്ന മുറയ്ക്ക് സ്റ്റേഷനു കൈമാറേണ്ടതാണ്.
5. ആ സ്റ്റേജ് വരെ തൈകളുടെ പരിപാലനം കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും.
6. റൂട്ട് സ്റ്റോക്ക് ഉൾപ്പെടെയുള്ള നിരക്കായിരിക്കണം ഓരോ ഇനത്തിലും രേഖപ്പെടുത്തേണ്ടത്.
7. ഓരോ ഇനത്തിലേയും ഗ്രാഫ്റ്റ്/ബഡ് തൈകളുടെ നിരക്ക് വില്പനയോഗ്യമായ തൈ ഒന്നിന് ഇത്ര രൂപ എന്ന നിരക്കിൽ രേഖപ്പെടുത്തേണ്ടതാണ്.
8. കരാറുകാരന് ആവശ്യമെങ്കിൽ വിതരണം ചെയ്യുന്ന ഗ്രാഫ്റ്റ് ചെയ്യാൻ പാകമായ റൂട്ട് സ്റ്റോക്കിന്റെ 60 ശതമാനത്തോളം എണ്ണത്തിന് കരാർ തുകയുടെ 40 ശതമാനത്തോളം വരുന്ന തുകയ്ക്ക് ബിൽ നേരത്തെ നൽകാവുന്നതാണ്. അപ്രകാരമുള്ള ബിൽ ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് ഗ്രാഫ്റ്റിംങ്/ബഡിംങ് ചെയ്യാൻ തുടങ്ങുമ്പോൾ നൽകുന്നതാണ്.
9. അപ്രകാരം അഡ്വാൻസ് ബിൽ നൽകിയ അത്രയും എണ്ണം ഗ്രാഫ്റ്റ്/ബഡ് തൈകൾ പാകമാകുന്ന മുറയ്ക്ക് ബാക്കി 60 ശതമാനം തുകയ്ക്ക് ബില്ല് നൽകാവുന്നതാണ്.
10. അഡ്വാൻസ് ബിൽ നൽകിയ തൈകളുടെ എണ്ണത്തിന് അനുപാതികമായി, 75 ശതമാനത്തോളമെങ്കില്ലും ഗ്രാഫ്റ്റ്/ബഡ് തൈകൾ കൈമാറിയതിനു ശേഷം മാത്രമേ അടുത്ത അഡ്വാൻസ് ബിൽ സമർപ്പിക്കാൻ സാധിക്കുകയുള്ളു. ഓരോ ഇനത്തിന്റെയും ബില്ലുകൾ വ്യത്യസ്ത ബില്ലുകളായി കണക്കാക്കുന്നതാണ്.

11. നിശ്ചിത ടെൻഡർ ഫോമിൽ ഓരോ ഇനത്തിനും ഉത്പാദിപ്പിച്ചു നൽകുന്നതിന്റെ നിരക്ക് പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. ടെൻഡർ ഫോം https://kau.in/tenders എന്ന പോർട്ടലിൽ ലഭ്യമാണ്.
12. അനുബന്ധമായി ചേർത്തിട്ടുള്ള ടെൻഡർ നിബന്ധനകൾ ഒപ്പ്, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കണം.
13. ടെൻഡർ തുകയായ 1500 രൂപ, ജി.എസ്.ടി (18%) 270 രൂപ, നിരതദ്രവ്യമായ (ഇ.എം.ഡി) 5000 രൂപ എന്നിവ ഈ സ്റ്റേഷനിൽ ഒടുക്കിയതിന്റെ മൂന്ന് വ്യത്യസ്ത രസീതോ അല്ലാത്തപക്ഷം മൂന്ന് വ്യത്യസ്ത ഡി.ഡി./ബാങ്കേഴ്സ് ചെക്ക്, പ്രൊഫസർ & ഹെഡ്, കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം, സദാനന്ദപുരം പി.ഒ, കൊട്ടാരക്കര -691531 എന്ന പേരിൽ എസ്.ബി.ഐ പൂലമൺ ശാഖയിൽ (പൂലമൺ ജംഗ്ഷൻ ബ്രാഞ്ച്) മാറാവുന്ന രീതിയിലോ ടെൻഡർ ഫോമിനും നിബന്ധനകൾക്കുമൊപ്പം സമർപ്പിക്കണം. **ടെൻഡർ തുക യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.**
14. ടെൻഡർ ലഭിക്കുന്ന വ്യക്തി 10000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്, കാലാവധിയ്ക്ക് ശേഷം ഈ തുക പലിശ രഹിതമായി തിരികെ നൽകുന്നതാണ്
15. കരാറുകാരന്റെ മേൽവിലാസം അടങ്ങിയ തിരിച്ചറിയൽ രേഖ ടെൻഡറിനൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്.

<u>നിബന്ധനകൾ</u>

1. ജോലി സമയം രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെയായിരിക്കും.
2. ഈ ടെൻഡറുകൾ പ്രകാരം ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലികൾക്കിടയിലുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാല യാതൊരുവിധ ഉത്തരവാദിത്വവും ബാധ്യതയും വഹിക്കുന്നതല്ല.
3. കരാറുകാരന്റെ /തൊഴിലാളികളുടെ കൃത്യവിലോപം, അശ്രദ്ധ മുതലായവ മൂലം ഫാമിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.
4. ജോലികൾ തൃപ്തികരമല്ലെങ്കിൽ ടെൻഡർ കരാർ യാതൊരു മുന്നറിയിപ്പും കൂടാതെ അവസാനിപ്പിക്കാനുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
5. ഇപ്രകാരം ജോലി ഏറ്റെടുക്കുന്നയാൾക്ക് കരാർ തുക മാത്രമേ കൈപ്പറ്റുവാൻ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. സർവ്വകലാശാലയുടെ നിയമനങ്ങളിൽ യാതൊരുവിധ പരിഗണനയ്ക്കോ മുൻഗണനയ്ക്കോ ആനുകൂല്യങ്ങൾക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.
6. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമായിരിക്കും.

ഒപ്പ്
പ്രൊഫസർ ആന്റ് ഹെഡ്

പകർപ്പ് : കെ.എ.യു വെബ്സൈറ്റ്/നോട്ടിസ് ബോർഡ് (2)/ ഫാം മാനേജർ/വെട്ടിക്കവല ഗ്രാമപഞ്ചായത്ത്/ വെട്ടിക്കവല വില്ലേജ് /കൊട്ടാരക്കര മുനിസിപ്പാലിറ്റി/ ഫയൽ.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്